**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3224** **13-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | 2019-20-ൽ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് പത്ത് ശതമാനമായി ഉയർന്നുവെന്നും ആയത് അഖിലേന്ത്യാ തൊഴിലില്ലായ്മ നിരക്കായ 4.8 ശതമാനത്തേക്കാൾ വളരെ കൂടുതലാണെന്നും സാമ്പത്തിക സർവേ റിപ്പോർട്ട് ചെയ്തിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിനു കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.<br><br>തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് 5 സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി സംസ്ഥാനത്ത് ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാനും ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എകസ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചതു വഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന നിയുക്തി മെഗാ ജോബ്ഫെയർ വഴി സ്വകാര്യ മേഖലകളിലേയും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കി വരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ധനുസ്സ് പദ്ധതി വഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് നൽകി വരുന്നുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേനെ 2021-2022 സാമ്പത്തിക വർഷം സംസ്ഥാനത്തുടനീളം തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും 9585 പേർക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുകയും ഉണ്ടായി. 2021-2022 സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് |

| | | | |
|---|---|---|---|
| | | | എക്സ്ചേഞ്ച് മുഖേന സംസ്ഥാന തലത്തിൽ 5725 പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വകുപ്പ് മുഖേന ലോൺ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരളത്തിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളുടെ എണ്ണത്തിലെ വർദ്ധനവും അനുയോജ്യമായ തൊഴിൽ ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളേക്കാൾ കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് വർദ്ധിക്കുന്നതിന് കാരണമാകുന്നുണ്ട്.<br><br>തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കുന്നതിനായി എംപ്ലോയ്മെന്റ് വകുപ്പ് 5 സ്വയം തൊഴിൽ പദ്ധതികൾ നടപ്പിലാക്കുന്നതു വഴി സംസ്ഥാനത്ത് ചെറുകിട സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കാനും ജില്ലാ ആസ്ഥാനങ്ങളിൽ ജില്ലാ എംപ്ലോയ്മെന്റ് എകസ്ചേഞ്ചുകളോടനുബന്ധിച്ച് എംപ്ലോയബിലിറ്റി സെന്ററുകളും ഗ്രാമീണ മേഖലകളിൽ കരിയർ ഡെവലപ്പ്മെന്റ് സെന്ററുകളും ആരംഭിച്ചതു വഴി സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. എല്ലാ വർഷവും ജില്ലാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന നിയുക്തി മെഗാ ജോബ്ഫെയർ വഴി സ്വകാര്യ മേഖലകളിലേയും നിരവധി തൊഴിലവസരങ്ങൾ ലഭ്യമാക്കി വരുന്നു. മോഡൽ കരിയർ സെന്റർ, കരിയർ ഡെവലപ്മെന്റ് സെന്റർ, ധനുസ്സ് പദ്ധതി വഴി മികച്ച ഉന്നത പഠനം ലക്ഷ്യമാക്കി പരിശീലന പരിപാടികളും ഉദ്യോഗാർത്ഥികൾക്ക് നൽകി വരുന്നുണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് (കേരളം) വകുപ്പ് മുഖേനെ 2021-2022 സാമ്പത്തിക വർഷം സംസ്ഥാനത്തുടനീളം തൊഴിൽ മേളകൾ സംഘടിപ്പിക്കുകയും 9585 പേർക്ക് സ്വകാര്യ സ്ഥാപനങ്ങളിൽ നിയമനം ലഭിക്കുകയും ഉണ്ടായി. 2021-2022 സാമ്പത്തിക വർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന സംസ്ഥാന തലത്തിൽ 5725 പേർക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വകുപ്പ് മുഖേന ലോൺ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (സി) | തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നൈപുണ്യവികസനം വളരെ പ്രധാനപ്പെട്ട കാര്യമായതിനാൽ കൂടുതൽ നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (സി) | നൈപുണ്യ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കരിയർ പോളിസി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നിലവിൽ ഗ്രാമീണ മേഖലയിലെ അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് വേണ്ടി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന |

| | | | |
|---|---|---|---|
| | | | ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് കരിയർ ഡെവലപ്മെന്റ് സെന്റർ (സി.ഡി.സി).<br><br>വ്യക്തിയുടെ പഠന നിലവാരം, സാമ്പത്തിക സ്ഥിതി, സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലം, മുതലായവ വിശദമായി പരിശോധിച്ച കോഴ്സുകൾ, തൊഴിൽ മേഖലകൾ, പരിശീലന സംവിധാനങ്ങൾ എന്നിവയെക്കുറിച്ചെല്ലാം കൃത്യമായ നിർദ്ദേശങ്ങൾ കൗൺസലർ നൽകുന്നതായിരിക്കും.<br><br>കോഴ്സുകൾ പൂർത്തീകരിച്ചശേഷം തൊഴിൽ ലഭിക്കാതിരിക്കുന്നുവെങ്കിൽ ആവശ്യമായ പരിശീലനവും പ്രചോദനവും സെന്ററിൽ നിന്ന് നൽകുന്നതായിരിക്കും. റെസ്യൂമെ പ്രിപ്പറേഷൻ, വിവിധ മത്സര പരീക്ഷയ്ക്കുള്ള പരിശീലന പരിപാടികൾ, പ്രീ ഇന്റർവ്യൂ പരിശീലനം, മൃദു നൈപുണ്യ പരിശീലനങ്ങൾ എന്നിവയിലൂടെയെല്ലാം വ്യക്തിയുടെ പ്രൊഫഷണൽ മികവ് ഉയർത്താനാവശ്യമായ എല്ലാവിധ നിർദ്ദേശങ്ങളും സെന്ററിൽ നിന്ന് ലഭിക്കും. സെന്ററിൽ വിപുലമായ കരിയർ ലൈബ്രറി ഒരുക്കിയിട്ടുണ്ട്. മത്സരപരീക്ഷകൾക്ക് പരിശീലനം നടത്തുന്ന ഉദ്യോഗാർത്ഥികൾക്ക് കരിയർ ലൈബ്രറി പ്രയോജനപ്പെടുത്താവുന്നതാണ്. സെൽഫ് ഹെൽപ്പ് വിഭാഗത്തിൽപ്പെട്ട മികച്ച ഗ്രന്ഥങ്ങളും ലൈബ്രറിയിൽ ലഭ്യമാണ്.<br><br>ഉന്നത ഗുണമേന്മയുള്ള കലാലയങ്ങളിലും ദേശീയതലത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളിലും ബിരുദാനന്തര ബിരുദ കോഴ്സുകളിൽ കേരളത്തിലെ ബിരുദ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുന്നതിന് വേണ്ടിയുള്ള സമഗ്ര പരിശീലന പദ്ധതിയായ ധനുസ് പ്രോഗ്രാം കരിയർ ഡവലപ്മെന്റ് സെന്റർ മുഖേന നടത്തിവരുന്നു. ദേശീയതലത്തിലുള്ള ഉന്നത വിദ്യാഭ്യാസ-ഗവേഷണ കേന്ദ്രങ്ങളിലെ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ പ്രവേശനം ലഭിക്കാൻ മൂന്നുവർഷം നീണ്ടു നിൽക്കുന്ന സൗജന്യ പരിശീലനം നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. |

സെക്ഷൻ ഓഫീസർ